## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 14.07.2016 - ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നമ്പർ: 1594

**കയർ മേഖലയിലെ കർമ്മപദ്ധതികൾ**

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>,, അൻവർ സാദത്ത്<br>,, സണ്ണി ജോസഫ്<br>,, എം. വിൻസെന്റ് | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കയർ മേഖലയ്ക്ക് ഊർജ്ജവും കരുത്തും പകരുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്;<br>(ബി) കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മികച്ച കൂലി ലഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയത്;<br>(സി) കയറുല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇക്കാലത്ത് നടത്തിയത് എന്ന് വിശദമാക്കുമോ? | (എ), (ബി) & (സി) കയർ മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി ആസൂത്രണം ചെയ്ത പദ്ധതികൾ വേണ്ടത്ര ഫലപ്രാപ്തിയിലെത്താതെ പോകുകയാണുണ്ടായത്. 2013 - 14, 2014 - 15, 2015 - 16 എന്നീ വർഷങ്ങളിൽ കയർ മേഖലയ്ക്കായി പദ്ധതിയിൽ വകയിരുത്തിയ തുകയുടേയും ചെലവിട്ട തുകയുടേയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>വർഷം / വകയിരുത്തിയ പണം / ചെലവാക്കിയ പണം:<br>2013-14 / 1163700000 / 714,075,429 (61.36%)<br>2014-15 / 1219390000 / 643,544,632 (52.78%)<br>2015-16 / 1169500000 / 682,938,711 (58.4%)<br><br>വിഭാവനം ചെയ്ത പരിമിതമായ പദ്ധതികൾ തന്നെ നടപ്പിലാക്കപ്പെടാതെ പോകുകയായിരുന്നു എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. തൽഫലമായി കയർ മേഖലയിൽ വലിയ പ്രതിസന്ധിയാണ് നേരിട്ടത്. |

| വർഷം | വകയിരുത്തിയ പണം | ചെലവാക്കിയ പണം |
|---|---|---|
| 2013-14 | 1163700000 | 714,075,429 (61.36%) |
| 2014-15 | 1219390000 | 643,544,632 (52.78%) |
| 2015-16 | 1169500000 | 682,938,711 (58.4%) |

സെക്ഷൻ ഓഫീസർ